# Malayala Manorama
# 25 August 2015
# Munnar; Political Crisis

## പ്രളയദുരിതാശ്വാസം സിപിഎം ഓഫിസിലേക്ക്; സിപിഐ, കോൺഗ്രസ് പ്രവർത്തകർ തടഞ്ഞു

**തമിഴ്നാട്ടിൽ നിന്നെത്തിയത് 15 ലക്ഷം രൂപയുടെ സാധനങ്ങൾ**

**മനോരമ ലേഖകൻ**

മൂന്നാർ● പ്രളയദുരിതബാധിതർക്കു വിതരണം ചെയ്യാൻ തമിഴ്നാട്ടിൽ നിന്നെത്തിച്ച സാധനങ്ങൾ സിപിഎം ഓഫിസിലേക്കു കടത്തുന്നതായി ആരോപിച്ച് സാധനങ്ങളുമായി എത്തിയ ലോറി സിപിഐ, കോൺഗ്രസ് പ്രവർത്തകർ തടഞ്ഞു. മൂന്നാറിൽ ഇന്നലെ ഉച്ചയ്ക്കാണു സംഭവം.

തമിഴ്നാട് ഡിണ്ടിക്കൽ എംഎൽഎ ഐ.പെരിയസാമിയുടെ പേരിൽ ബാനർ കെട്ടിയ ലോറിയിലാണു 15 ലക്ഷം രൂപയുടെ സാധനങ്ങൾ മൂന്നാറിലേക്കു വന്നത്.

അരിയും പലവ്യഞ്ജനങ്ങളും വസ്ത്രങ്ങളുമാണു ലോറിയിൽ ഉണ്ടായിരുന്നത്. ജില്ലാ കലക്ടർക്കു കൈമാറാനെന്ന പേരിൽ എംഎൽഎയുടെ കത്തും ഉണ്ടായിരുന്നു.

തേനിയിൽ നിന്നു പൂപ്പാറ വഴി വന്ന ലോറി ദേവികുളത്ത് എത്തിയതോടെ മൂന്നാറിലെ ചില സിപിഎം പ്രവർത്തകർ എത്തി വാഹനം സിപിഎം ഓഫിസിലേക്കു കൊണ്ടുപോകാൻ ശ്രമിച്ചുവെന്നാണ് ആരോപണം.

ദേവികുളം താലൂക്ക് ഓഫിസിലോ മൂന്നാർ വില്ലേജ് ഓഫിസിലോ സാധനങ്ങൾ ഇറക്കാതെ ലോറി മുന്നോട്ടുപോയതോടെയാണു സിപിഐ മണ്ഡലം സെക്രട്ടറി പി.പളനിവേലിന്റെ നേതൃത്വത്തിൽ വാഹനം തടഞ്ഞത്. മൂന്നാർ പഞ്ചായത്തു പ്രസിഡന്റ് ആർ.കറുപ്പസാമി, ജില്ലാ പഞ്ചായത്തംഗം എസ്.വിജയകുമാർ എന്നിവരുടെ നേതൃത്വത്തിൽ കോൺഗ്രസ് പ്രവർത്തകരും ഇവർക്കൊപ്പം ചേർന്നു. തുടർന്ന് പൊലീസും ദേവികുളം തഹസിൽദാർ പി.കെ.ഷാജിയും സ്ഥലത്തെത്തി.

സബ്കലക്ടറുടെ നിർദേശപ്രകാരം സാധനങ്ങൾ തഹസിൽദാർ കസ്റ്റഡിയിൽ എടുത്തു മൂന്നാർ വില്ലേജ് ഓഫിസ് പരിസരത്തേക്കു മാറ്റി.